"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഫോറസ്റ്റ് ലൈസൻസ് പുതുക്കുന്നതിനായി ലേറ്റ് ഫീസ് ഇനത്തിൽ ശ്രീ. രാമചന്ദ്രൻപിള്ള ഒടുക്കിയിട്ടുള്ള തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.105/2025/F&WLD തീയതി,തിരുവനന്തപുരം, 12-03-2025

---

പരാമർശം:- 1. 29/10/2024 - ലെ സ.ഉ (സാധാ) നം 467/2024/F&WLD നമ്പർ സർക്കാർ ഉത്തരവ്.

2. ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)-ന്റെ 21/12/2024-ലെ FC3-334/2024 നമ്പർ കത്ത്.

**ഉത്തരവ്**

ദേവപ്രിയ സോമിൽ ഉടമ, ശ്രീ.രാമചന്ദ്രൻപിള്ളയുടെ അനാരോഗ്യമൂലം ലൈസൻസ് യഥാസമയം പുതുക്കാനായില്ലെന്നും ലേറ്റ് ഫീസ് ഒഴിവാക്കിത്തരണമെന്നുമുള്ള അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച്, ലൈസൻസ് യഥാസമയം പുതുക്കാത്ത മരാധിഷ്ഠിത യൂണിറ്റുകളിൽ നിന്നും സർക്കാർ ഈടാക്കുന്ന ലേറ്റ് ഫീസ് ടിയാന് ഒഴിവാക്കി നൽകി സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എന്നാൽ ഏക ജീവിതോപാധിയായ സാമില്ലിന്റെ പ്രവർത്തനം മുടങ്ങാതിരിക്കാൻ ഫോറസ്റ്റ് ലൈസൻസ് ലഭിക്കുന്നതിനായി, ശ്രീ.രാമചന്ദ്രൻപിള്ള ലേറ്റ്ഫീസ് ഇനത്തിൽ 42,600/- രൂപയും ലൈസൻസ് ഫീസ് ഇനത്തിൽ 4,000/- രൂപയും ഉൾപ്പെടെ ആകെ 46,600/- രൂപ 27.03.2024 ന് അടയ്ക്കുകയും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 10.05.2024 ലെ DFOTVM/54/2012 പ്രകാരം ലൈസൻസ് പുതുക്കി നൽകുകയും ചെയ്തിരുന്നു. തന്റെ അപേക്ഷ സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ച് പരാമർശം 1) ഉത്തരവ് പ്രകാരം ഒഴിവാക്കി നൽകിയ 42,600/- രൂപ തിരികെ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.രാമചന്ദ്രൻപിള്ള തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്

അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ടി തുക ഇതിനോടകം തന്നെ അപേക്ഷകൻ ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതിനാൽ പ്രസ്തുത തുക റീഫണ്ട് ചെയ്തു നൽകുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്നും ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) പരാമർശം (2) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദേവപ്രിയ സോമിൽ ഉടമ, ശ്രീ.രാമചന്ദ്രൻപിള്ള ഏതു ശീർഷകത്തിലാണോ ലേറ്റ് ഫീ ഒടുക്കിയത് പ്രസ്തുത ശീർഷകത്തിൽ നിന്നുതന്നെ തുക റീഫണ്ട് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ട്രഷറി ആപ്ലിക്കേഷനിലെ റീഫണ്ടു മസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ഈ ഉത്തരവ് സഹിതം ട്രഷറിയിൽ സമർപ്പിക്കുന്നതിനും അതോടൊപ്പം **BIMS** കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ യെ പ്രസ്തുത റീ-ഫണ്ട് നടപടികൾ സ്വീകരിക്കുന്നതിനായി ചുമതപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PRAMOD V R**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്‌സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്‌സ്, തിരുവനന്തപുരം.
ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്‌സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2880149/Agri-A1/208/2024-FIN dated 24.2.2025)
വെബ് & ന്യൂ മീഡിയ (വെബ്‌സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ramjan P A
Date: 14-03-2025 14:37:30